**ശിഷ്യന്മാർ—യേശുവിലുള്ള യാഥാർഥ്യമനുസരിച്ച് ക്രിസ്തുവിനെ അനുഗമിക്കുകയും പഠിക്കുകയും അവന്റെ അനുഭവങ്ങളിൽ അവനെ അനുഭവമാക്കുകയും ചെയ്യുന്നവർ**

**I. നാല് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ദൈവ-മനുഷ്യ ജീവിതത്തിന്റെ യഥാർഥ അവസ്ഥയായ, യേശുവിലുള്ള യാഥാർഥ്യമനുസരിച്ച് ക്രിസ്തുവിനെ അനുഗമിക്കുകയും പഠിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ശിഷ്യന്മാരാണ് നാം; ഇത് സഭയിലും പുതിയ യെരൂശലേമിലും അവന്റെ മഹത്വത്തിനുവേണ്ടി അവന്റെതന്നെ ഒരു സംഘാത ആവിഷ്കാരം അവന് ഉണ്ടായിരിക്കുവാൻ തക്കവണ്ണം നാം അവന്റെ ജൈവിക പുനരുല്പാദനവും തനിപ്പകർപ്പുമായിത്തീരേണ്ടതിന് ക്രിസ്തുവിനെ അവന്റെ അനുഭവങ്ങളിൽ അനുഭവമാക്കുന്നതാണ്**

- ഒന്നാമത്തെ ദൈവ-മനുഷ്യനായ ക്രിസ്തുവിന്റെ മാതൃകപ്രകാരം നമ്മുടെ സ്വാഭാവിക ജീവനെ ത്യജിക്കുന്നതിലൂടെ ദിവ്യജീവനെ ജീവിച്ചുകൊണ്ട് ഒരു സ്വാഭാവിക മനുഷ്യനായിരിക്കുന്നതിൽനിന്നും ഒരു ദൈവ-മനുഷ്യനാകുന്നതിലേക്ക് നാം ശിഷ്യരാക്കപ്പെട്ടുകൊണ്ടിരിക്കുന്നു
- ക്രിസ്തുവിനെ പഠിക്കുന്നത് ക്രിസ്തുവിനെ ഭക്ഷിക്കുന്നതിലൂടെ ക്രിസ്തുവിനെക്കൊണ്ട് നമ്മെ പകരംവയ്ക്കുന്നതിനുവേണ്ടിയാണ്

ക്രിസ്തുവിനെ നാം പഠിക്കുന്നത്:

- തളർന്നിരിക്കുന്നവനെ വാക്കുകൊണ്ട് താങ്ങുവാൻ അറയേണ്ടതിന് നിർദേശിക്കപ്പെട്ടവന്റെ ചെവിയും നാവും ഉണ്ടായിരിക്കത്തക്കവണ്ണം, രാവിലെതോറും അവനാൽ ഉണർത്തപ്പെടുന്നതിലൂടെ
- സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനുമെന്ന നിലയിലും, എളുപ്പമുള്ള നുകവും ലഘുവായ ഭാരവുമുള്ളവനെന്ന നിലയിലും, നമ്മുടെ ദേഹികൾക്ക് വിശ്രമമായി തന്നെത്തന്നെ നമുക്ക് നൽകുന്നവനുമെന്ന നിലയിൽ
- നമ്മുടെ ഉൾവസിക്കുന്ന പര്യാപ്തതയുടെ രഹസ്യമെന്ന നിലയിൽ
- കരുണ ആഗ്രഹിക്കുന്നവനെന്ന നിലയിൽ
- കർത്താവായ യേശു തന്നാൽത്തന്നെയല്ല, മറിച്ച് മറ്റൊരു സ്രോതസ്സിനാൽ മനുഷ്യജീവിതം നയിച്ചത്
- കർത്താവിന്റെ ശിഷ്യന്മാരെ "യേശുമയരായ മനുഷ്യർ" ആക്കുന്നതിന്, അവരുടെ അതിരറ്റ സന്തോഷമെന്ന നിലയിൽ അവർക്ക് ത്രിയേക ദൈവത്തിന്റെ യഥാർഥ സാന്നിധ്യം ഉണ്ട്

**വിശ്വാസികൾ—ജീവൻ പ്രാപിക്കുകയും, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുകയും, അവനുമായി ജൈവിക ഐക്യത്തിൽ ആയിരിക്കുകയും ചെയ്യുന്നവർ**

**II. ജീവൻ പ്രാപിക്കുകയും ദൈവപുത്രന്റെ വിശ്വാസത്താൽ ജീവിക്കുകയും ചെയ്യുന്ന ക്രിസ്തുവിലുള്ള വിശ്വാസികളാണ് നാം; വിശ്വാസം നമ്മെ അസാധുവാക്കുകയും, ദൈവത്തെ ജീവിക്കുവാനും, ദൈവത്തെ ആവിഷ്കരിക്കുവാനും, ദൈവത്തെ ജനത്തിലേക്ക് ശുശ്രൂഷിക്കുവാനും ഇടയാക്കുന്നു**

- ക്രിസ്തുവിലുള്ള വിശ്വാസികൾ ആദാമിൽനിന്നും ക്രിസ്തുവിലേക്ക് മാറ്റപ്പെടുകയും, ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാകുവാൻ വീണ്ടുംജനിക്കുകയും, ക്രിസ്തുവിന്റെ നിത്യജീവനിൽ അവനുമായി ഐക്യപ്പെടുകയും, ക്രിസ്തുവുമായി ഏകാത്മാവാകുവാൻ അവനോട് പറ്റിച്ചേരുകയും ചെയ്തിരിക്കുന്നു
- ക്രിസ്തുവിൽ വിശ്വസിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കിക്കൊണ്ട് മനുഷ്യനിൽ വിശ്വാസം ജനിപ്പിക്കുവാൻ അവൻ ഇടയാക്കുന്നു; അങ്ങനെ, മനുഷ്യനിൽ അവൻ വിശ്വാസമായിത്തീരുന്നു, ആ വിശ്വാസത്താൽ മനുഷ്യൻ അവനിൽ വിശ്വസിക്കുന്നു
- ദൈവം നമുക്ക് എത്രമാത്രം വിശ്വാസം പകുത്തുനൽകുന്നു എന്നത് നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു
- വിശ്വാസികളായ നാം ക്രിസ്തുവുമായി താഴെപ്പറയുന്ന ബന്ധങ്ങളിൽ വിശ്വാസത്താൽ ജീവിക്കുന്നു:
  - ക്രിസ്തു മുന്തിരിവള്ളിയും, നാം അവന്റെ ശാഖകളുമാണ്
  - ക്രിസ്തു തലയും, നാം അവന്റെ അവയവങ്ങളുമാണ്
  - ക്രിസ്തു ജീവശ്വാസവും ജീവജലവും ജീവന്റെ അപ്പവും ആകുന്നു, നാം അവനെ ശ്വസിക്കുന്നവരും ഭക്ഷിക്കുന്നവരും കുടിക്കുന്നവരുമാകുന്നു
  - ക്രിസ്തു മണവാളനും, നാം അവന്റെ മണവാട്ടിയുമാണ്
  - ക്രിസ്തു അനാഥന്മാരുടെ പിതാവും,നാം അവന്റെ മക്കളായിത്തീർന്ന അനാഥരുമാണ്
  - ക്രിസ്തു നമ്മുടെ വൈദ്യനും, നമ്മുടെ സൗഖ്യദായകനായി അവനെ ആസ്വദിക്കുന്ന അവന്റെ രോഗികളുമാണ്
  - ക്രിസ്തു ലോകത്തിന്റെ വെളിച്ചവും, നാം ദിവ്യവെളിച്ചത്തെ വ്യാപിപ്പിക്കുന്നതിനായി അവന്റെ വിതരണക്കാരുമാണ്

**വിശുദ്ധന്മാർ—ദൈവത്തിങ്കലേക്ക് വേർതിരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യപ്പെട്ടവർ**

**III. നാം വേർതിരിക്കപ്പെട്ടവരും ദൈവത്തിനായി വിശുദ്ധരാക്കപ്പെട്ടവരുമായ ദൈവത്തിന്റെ വിശുദ്ധന്മാരാണ്**

- സ്ഥാനീയമായി നാം അവന്റെ വീണ്ടെടുപ്പിൻ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു
- സ്വഭാവപരമായി നാം അവന്റെ വിശുദ്ധ പ്രകൃതത്താൽ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു

**ക്രിസ്ത്യാനികൾ—അവിശ്വാസികളുടെ ദൃഷ്ടിയിൽ തങ്ങളെ വ്യതിരിക്തവും പ്രത്യേകതയുള്ളതുമാക്കിത്തീർക്കുന്ന ശക്തമായ ഒരു സാക്ഷ്യം ക്രിസ്തുവിനായി വഹിക്കുന്ന, അവന്റെ നിന്ദ ചുമക്കുന്ന ക്രിസ്തുവുള്ള, ക്രിസ്തുവുമായി ജൈവികമായി ഒന്നായിരിക്കുന്ന ക്രിസ്തു-മനുഷ്യർ**

**IV. നമ്മുടെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനെ മഹിമപ്പെടുത്തുന്നതിനുവേണ്ടി അവനെ ജീവിക്കുവാൻ, ക്രിസ്തുവുമായുള്ള ഒരു ജൈവിക ഐക്യത്തിൽ നമ്മുടെ സമൃദ്ധമായ സഹായത്തിനുള്ള ഉള്ളടക്കമായി ക്രിസ്തുവുള്ള, ക്രിസ്തുവുമായി ഒന്നായിരിക്കുന്ന ക്രിസ്തു-മനുഷ്യരായ ക്രിസ്ത്യാനികളാണ് നാം**

- നാം ക്രിസ്തുവിനെ ജീവിക്കുന്നതിനായി നാം ആത്മാവിനാൽ നടക്കണം
- ഈ ഭൂമിയിലുള്ള ഓരോ ക്രിസ്ത്യാനിക്കും കർത്താവ് അവന് നിയോഗിച്ചിരിക്കുന്ന ഒരു പ്രത്യേക യാത്രയുണ്ട്; അവൻ ആ യാത്ര തനിയെ ഏറ്റെടുക്കേണ്ടതുണ്ട്; മറ്റാർക്കും അവന് പകരമായിരിക്കുവാനോ അവന് മറ്റൊരുവനെ പകരംവയ്ക്കുവാനോ കഴിയുകയില്ല